# സ്വാതന്ത്ര്യകാഹളം



## സ്വാതന്ത്ര്യ കാഹളം

വിളംബരം മഹാ
    വിളംബരം ഹർഷ
പുളകിതോൽഗത
    വിളംബരം കേട്ടു

പുളകങ്ങൾ കോരി–
    ത്തരിപ്പുകൾ തുള്ളി
ക്കളിയ്ക്കും രോമത്തിൻ
    കുളിർത്തുടിപ്പുകൾ

ശിരസ്സു പുഷ്പിച്ച
    പുതിയ മോദങ്ങൾ
തരംഗം തല്ലുന്ന
    ഹൃദയരോമാഞ്ചം

സ്വരങ്ങൾ രാഗങ്ങൾ
    ലയലഹരിയിൽ
ചൊരിഞ്ഞ മാധുര്യ
    നിനദം നിർമ്മലം

ശ്രവണമാനന്ദ
    സുധാരസം മുക്കി
പ്പവിത്രമാക്കിയ
    ശ്രുതിതൻ ജ്വാലകൾ

യുഗപ്രഭാവത്തിൻ
മുരളി മീട്ടിയ
യുഗപ്പിറവിതൻ
ഭുവനഗീതകം

ഉദയചേതന
യുണർത്തും ഭാരത
ഹൃദയസ്പന്ദത്തിൻ
സ്വതന്ത്രകാഹളം

ഋഷിപ്രഭാവത്തിൻ
മഹിമപേറിയും
തുഷാരപർവ്വത
പ്രതാപമേറിയും

മഹാർണ്ണവത്തിന്റെ
മഹസ്സുയർത്തിയും
മഹാവനാഭയിൽ
പുളകം ചാർത്തിയും

ഋതു പ്രണോദിത
പ്രകൃതിനേടിയും
കൃതപ്രതിജ്ഞമാം
തിതിക്ഷചൂടിയും

സകലസൗന്ദര്യ
സഗുണസമ്പന്ന
സുകലസൗഭഗ
മിണങ്ങി മിന്നിയും

ഉലകമാകെയു
മുയർന്നോരിന്ത്യതൻ
വിലങ്ങുപൊട്ടിയ
മഹാവിളംബരം

അലറുമാഴിയും
കരകളും, തല-
മലയും താഴ്‌വര
സമതലങ്ങളും
തരുലതാദികൾ
മൃഗങ്ങൾ പക്ഷികൾ
നിരക്കവേ മുത്തി-
ത്തഴുകിലാളിച്ചും

നിരത്തു നീളവേ
നിരർഗ്ഗളഗാന
സരസ പീയൂഷ
സരണ സൗരഭം
പൊഴിച്ചു കാതുകൾ
കുതിർത്തു കണ്ണുകൾ
മെഴുക്കിപ്പീലികൾ
നനച്ചുകൊണ്ടത്രേ

സമീരണൻ മുഖ-
ത്തടിച്ചു വിശ്രുത
വിമോചനത്തിന്റെ
വിളംബരം ചെയ്‌വൂ

ഒരു കരുത്തന്റെ
മകുടത്തിൽ തെളി
ഞ്ഞെരിഞ്ഞു നിന്നവ
നരുണനുച്ചസ്ഥൻ
എരിഞ്ഞടങ്ങുവാ-
നനുവദിയ്ക്കാത്ത
പരമഭാഗ്യവാ
നവനെന്നാകിലും

ഒരായിരം കാത
മകലെ നിന്നവൻ
പറന്നു പാതിരാ
യ്ക്കണഞ്ഞനേരത്തു
സകുക്ഷിവൃന്ദമായ്
ചരാചരം സർവ്വം
പ്രകാശവർഷത്തിൽ
കുളിച്ചുനിന്നുപോയ്
കരിമിഴികളിൽ
നിലാവു വീണുപോൽ
കരതലങ്ങളിൽ
കനിപതിച്ചപോൽ
മനതാരിൽക്കണ്ട
കിനാവുദിച്ചുപോൽ
മനുജരാനന്ദ
പുളകമാർന്നു പോയ്

■ ■ ■